# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ. ഇ11- 20/15 തീയതി : 28-11-2015.

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ജി.ഒ.(പി) നം. 23/2010/SWD തീയതി. 30/03/2010

(2) ജി.ഒ.(പി) നം. 77/2012/SJD തീയതി. 27/12/2012

(3) സാ.നീ.ഡയറക്ടറുടെ 13.12.14ലെ ഇ11/40374/14 നം. നടപടിക്രമം.

(3) 15.10.15ലെ ഇ9 100/2015/DSJ(2) സെലക്ട് ലിസ്റ്റ്.

സാമൂഹ്യനീതി വകുപ്പിൽ പരാമർശം (1) പ്രകാരം 30/03/2010 തീയതി പ്രാബല്യത്തിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് വിശേഷാൽ ചട്ടം കാറ്റഗറി 8 ൽ ഉൾപ്പെടുന്ന സൂപ്രണ്ട് വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻ ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ട ഭേദഗതി ഖണ്ഡിക 2(g) അനുസരിച്ച് 1 : 2 : 1 എന്ന അനുപാതത്തിൽ വിവിധ ഫീഡർ കാറ്റഗറികൾക്കായി ഉദ്യോഗക്കയറ്റം നിജപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് മേൽ പരാമർശിച്ച തസ്തികകളിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ള 9 ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികകൾ 1 : 2 : 1 എന്ന അനുപാതത്തിൽ 3, 4, 2 എണ്ണത്തിൽ വിവിധ ഫീഡർ കാറ്റഗറി വിഭാഗങ്ങളിൽ, സ്ത്രീകളുടെ കേഡർ സ്ട്രെങ്ത് പാലിക്കണമെന്ന് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിൽ ഒന്നാം ഫീഡർ കാറ്റഗറിയായ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II വിഭാഗത്തിൽപ്പെട്ട മൂന്ന് ജീവനക്കാരെയും (ശ്രീമതി. വി. അശ്വതി, ശ്രീ. വി.ജി. ജയകുമാർ, ശ്രീ. എം. സന്തോഷ് കുമാർ) മൂന്നാം ഫീഡർ കാറ്റഗറിയായ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I I/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയ തസ്തികകളിൽ സേവനമനുഷ്ഠിച്ചു വരുന്ന നിശ്ചിത യോഗ്യതയുള്ളവരായ 2 ജീവനക്കാരെയും (ശ്രീമതി. ബീനാ ജോർജ്ജ്, ശ്രീ. എസ്. ജയൻ) കാറ്റഗറി 8 ൽ ഉൾപ്പെടുന്ന തസ്തികകളിലേക്ക് ഉദ്യോഗക്കയറ്റം മുഖേന നിയമിക്കുന്നതിന് നാലാം പരാമർശിത സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

(2) രണ്ടാം പരാമർശിത വിശേഷാൽ ചട്ട ഭേദഗതി ഉത്തരവ് പ്രകാരം കാറ്റഗറി 8 ലെ ആകെ കേഡർ സ്ട്രെങ്ത് ആയ 37 തസ്തികകളെ വിശേഷാൽ ചട്ട ഭേദഗതി അനുപാതം പ്രകാരം 1 : 2 : 1 എന്ന ക്രമത്തിൽ വിഭജിക്കുമ്പോൾ ഒന്നാം വിഭാഗത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II ൽ നിന്നുള്ള ഉദ്യോഗക്കയറ്റത്തിന് 10 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ ഈ വിഭാഗത്തിൽ നിന്നുള്ള 7 ജീവനക്കാർ ഉദ്യോഗക്കയറ്റം മുഖേന ജോലി ചെയ്തുവരുന്നുണ്ട്. ഈ വിഭാഗത്തിനായുള്ള 3 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(3) മേൽ പരാമർശിച്ച പ്രകാരം 3-ാം വിഭാഗത്തിൽ (ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I I, ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I I, സോഷ്യൽ സയന്റിസ്റ്റ്, സോഷ്യോളജിസ്റ്റ്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ, സൂപ്പർവൈസർ VTC) നിന്നുള്ള ഉദ്യോഗക്കയറ്റത്തിന് 9 തസ്തികകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ ഈ വിഭാഗത്തിൽ നിന്നുള്ള 5 ജീവനക്കാർ ഉദ്യോഗക്കയറ്റം മുഖേന സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ജോലി ചെയ്തുവരുന്നുണ്ട്. ഈ വിഭാഗത്തിലും 4 ഒഴിവുകൾ നിലവിലുണ്ട്.

(4) മേൽ സാഹചര്യത്തിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പേര് ചേർക്കുന്ന 5 ജീവനക്കാർക്ക് സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

| സൂപ്രണ്ട് ഗ്രേഡ് II ( ഐറ്റം I) | | |
|---|---|---|
| ക്രമനം. | പേര് | സെലക്ട് ലിസ്റ്റിലെ ക്രമനം. |
| 1 | ശ്രീമതി. വി. അശ്വതി | 1 |
| 2 | ശ്രീ. വി.ജി. ജയകുമാർ | 2 |
| 3 | ശ്രീ. എം. സന്തോഷ് കുമാർ | 3 |

ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II, ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I, സോഷ്യൽ സയന്റിസ്റ്റ്, സോഷ്യോളജിസ്റ്റ്, സ്റ്റോർ കീപ്പർ കം ലോജിസ്റ്റിക് ഓഫീസർ, സൂപ്പർവൈസർ VTC തുടങ്ങിയവ (ഐറ്റം II മുതൽ 7 വരെ )

| ക്രമനം. | പേര് | സെലക്ട് ലിസ്റ്റിലെ ക്രമനം. |
|---|---|---|
| 1 | ശ്രീമതി. ബീനാജോർജ്ജ് | 1 |
| 2 | ശ്രീ. എസ്. ജയൻ | 2 |

(5) മേൽ വിവരിച്ച പ്രകാരമുള്ള സ്ഥാനക്കയറ്റത്തിന് മുന്നോടിയായി, ജീവനക്കാരുടെ അപേക്ഷയുടെ അടിസ്ഥാനത്തിലും ഭരണപരമായ സൗകര്യാർത്ഥവും ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും ചുമതല ക്രമീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം :</u>

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം/ ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീ. പി.എം. പങ്കജാക്ഷൻ, സൂപ്രണ്ട് ഗ്രേഡ് I, ചിൽഡ്രൻസ് ഹോം, കോട്ടയം | സൂപ്രണ്ട് ഗ്രേഡ് I, ആഫ്റ്റർ കെയർ ഹോം, കണ്ണൂർ | അപേക്ഷ |
| 2 | ശ്രീ. പി.എച്ച്. അസ്ഗർഷാ, സൂപ്രണ്ട് ഗ്രേഡ് I, പ്രതീക്ഷാ ഭവൻ, മലപ്പുറം | സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, പാലക്കാട് | അപേക്ഷ |
| 3 | ശ്രീ. അശോകൻ കെ., ഡെപ്യൂട്ടി സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് I, HPH, കോഴിക്കോട് | അപേക്ഷ(ഡെപ്യൂട്ടി സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല ചിൽഡ്രൻസ് ഹോം സൂപ്രണ്ട് ശ്രീ.എം.കെ.മുരളിധരൻ നിർവ്വഹിക്കേണ്ടതാണ്. |
| 4 | ശ്രീ. വി.എൻ. സുരേഷ് കുമാർ, സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ്, എറണാകുളം | സൂപ്രണ്ട് ഗ്രേഡ് I, ആശാഭവൻ (മെൻ), എറണാകുളം | ഭരണപരം |

(6) ഈ സാഹചര്യത്തിൽ നാലാം പരാമർശിത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള(ഐറ്റം I) വിഭാഗത്തിൽപ്പെട്ട ശ്രീമതി. വി. അശ്വതി, ശ്രീ. വി.ജി. ജയകുമാർ, ശ്രീ. എം. സന്തോഷ് കുമാർ എന്നിവർക്കും ഐറ്റം II to VII വിഭാഗത്തിൽപ്പെട്ട ശ്രീമതി. ബീനാജോർജ്ജ്, ശ്രീ. എസ്. ജയൻ എന്നിവരെയും നിലവിലുള്ള ഒഴിവിലേക്ക് KS & SSR ചട്ടം 28 (എ) (i) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - I തസ്തികയിൽ 18740 - 33680 ശമ്പളസ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉദ്യോഗക്കയറ്റം :**

| ക്രമ നമ്പർ | ജീവനക്കാരന്റെ പേരും തസ്തികയും ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം |
|---|---|---|---|
| 1 | ശ്രീമതി. വി. അശ്വതി , സൂപ്രണ്ട് ഗ്രേഡ് II, ആശാഭവൻ (മെൻ), തിരുവനന്തപുരം | സൂപ്രണ്ട് ഗ്രേഡ് I, ആശാഭവൻ (വനിതകൾ), തിരുവനന്തപുരം | ശ്രീമതി. വി. അശ്വതി, ആശാഭവൻ (മെൻ), സൂപ്രണ്ട് ഗ്രേഡ് II, ന്റെ അധിക ചുമതലകൂടി നിർവ്വഹിക്കേണ്ടതാണ് . |
| 2 | ശ്രീ. വി.ജി. ജയകുമാർ, സൂപ്രണ്ട് ഗ്രേഡ് HPH, പാലക്കാട് | സൂപ്രണ്ട് ഗ്രേഡ് I, വൃദ്ധമന്ദിരം, തൃശ്ശൂർ | ശ്രീ. ഗിരിഷ് ബാബു, ഹെഡ് അക്കൗണ്ടന്റ്, ഒറ്റപ്പാലം ICDS |
| 3 | ശ്രീ. എം. സന്തോഷ് കുമാർ സൂപ്രണ്ട് ഗ്രേഡ് II, ചിൽഡ്രൻസ് ഹോം, നൂറനാട് | സൂപ്രണ്ട് ഗ്രേഡ് I, വൃദ്ധമന്ദിരം, മലപ്പുറം | ശ്രീ. ഷാജഹാൻ, ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ, ചിൽഡ്രൻസ് ഹോം, നൂറനാട് |
| 4 | ശ്രീമതി. ബീനാ ജോർജ്ജ്, സൂപ്പർവൈസർ, വി.ടി.സി, തിരുവനന്തപുരം | സൂപ്രണ്ട് ഗ്രേഡ് I, ചിൽഡ്രൻസ് ഹോം (ഗേൾസ്), എറണാകുളം | |
| 5 | ശ്രീ. എസ്. ജയൻ, സൂപ്പർവൈസർ, വി.ടി.സി, കോഴിക്കോട് | സൂപ്രണ്ട് ഗ്രേഡ് I, ചിൽഡ്രൻസ് ഹോം കോട്ടയം | |

(7) മേൽപറഞ്ഞ പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ച ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് തിരുവനന്തപുരം ആശാഭവൻ(സ്ത്രീകൾ), എറണാകുളം ചിൽഡ്രൻസ് ഹോം(ഗേൾസ്) എന്നീ സ്ഥാപനങ്ങളിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചിട്ടുള്ള യഥാക്രമം നീലേശ്വരം ശിശുവികസനപദ്ധതി ഓഫീസർ ശ്രീമതി പി.എസ്.വൽസമ്മ പട്ടണക്കാട് ശിശുവികസനപദ്ധതി ഓഫീസർ ശ്രീമതി വിലേഖ എന്നിവരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം റദ്ദ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(8)സ്ഥലംമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ സമയത്ത് നൽകിയ അസൈൻമെന്റ് മാറ്റമില്ലാതെ നിലനിൽക്കുന്നതാണ്. മേൽ ഖണ്ഡിക (5) പ്രകാരമുള്ള സ്ഥലംമാറ്റം അനുവദിക്കുമ്പോഴും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിച്ച് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് 1/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I/ ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് I/ മേഖലാ സ്ത്രീധന നിരോധന ഓഫീസർ എന്നീ തസ്തികകളിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ളവരിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേക്കും, സീനിയർ സൂപ്രണ്ട് തസ്തികയിൽ അസൈൻമെന്റ് ലഭിച്ചിട്ടുള്ളവരിൽ നിന്നും മേൽ പരാമർശിച്ച തസ്തികകളിലേക്കും പരസ്പരം മാറ്റി നിയമിച്ചിട്ടുള്ളവരുടെ എണ്ണം 7 വീതം തുല്യമായിരിക്കുന്നതാണ്.

മേൽപരാമർശിച്ച പ്രകാരം ഉദ്യോഗക്കയറ്റം നൽകുമ്പോൾ 2012 ലെ കേരള സോഷ്യൽ വെൽഫെയർ സർവ്വീസ് ഭേദഗതി ചട്ടം 2(g) പ്രകാരം കാറ്റഗറി 8 ലെ ഓരോ വിഭാഗത്തിലെയും കേഡർ സ്ട്രെങ്ത്, നിലവിലുള്ള ജീവനക്കാർ, നിലവിലുള്ള ഒഴിവുകൾ എന്നിവ അടങ്ങുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ഫീഡർ കാറ്റഗറി | ഫീഡർ കാറ്റഗറിയുടെ പേര് | കേഡർ സ്ടെങ്ത് | നിലവിലെ സ്ഥിതി | ഒഴിവുകൾ | അഭിപ്രായം |
|---|---|---|---|---|---|
| 1 | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് - II(ഐറ്റം നം.1) | 10 | 10 | 0 | |
| 2 | ജൂനിയർ സൂപ്രണ്ട് (ഐറ്റം നം.viii) | 18 | 11 | 7 | |
| 3 | ഡെപ്യൂട്ടി സൂപ്രണ്ട് കം ഹെഡ്മാസ്റ്റർ ഗ്രേഡ് II/സോഷ്യൽ സയന്റിസ്റ്റ്/ സൂപ്പർവൈസർ VTC തുടങ്ങിയവർ (ഐറ്റം നം. ii to vii) | 9 | 7 | 2 | |

ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരനെ ബന്ധപ്പെട്ട കാര്യാലയ മേധാവി ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരൻ ഉദ്യോഗക്കയറ്റം ലഭിച്ച തസ്തികയിൽ ജോലിയിൽ പ്രവേശിച്ച്, വിടുതൽ/പ്രവേശനം എന്നിവ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരന് നിയമാനുസൃത യാത്രാബത്തയ്ക്കും പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ്

**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്.

പകർപ്പ്:-

(1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
(2) എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും.
(3) എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
(4) സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട്.
(5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ലോ ഓഫീസർ.
(6) സാമൂഹ്യനീതി ഡയറക്ടറുടെ സി. എ. യ്ക്ക്
(7) ഇ1 മുതൽ ഇ13 സീറ്റ് വരെ/എ. സെക്ഷൻ/

ബിൽ സെക്ഷൻ/IT സെക്ഷൻ.

(8) സ്റ്റോക്ക് ഫയൽ/സ്പെയർ.

**ഉത്തരവിൻപ്രകാരം**

Abdul...

**സൂപ്രണ്ട്**

*DB/2015/ Promo.II*